**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4281** **09-08-2021 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര കരിയർ ഡെവലപ്പ്മെന്റ് സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം പ്രവർത്തിക്കുന്ന കരിയർ ഡെവലപ്പ്മെന്റ് സെന്റർ (സി.ഡി.സി) പ്രവർത്തനം ആരംഭിച്ചതുമുതൽ നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ് നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ; | (എ) | തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റിന്റെ എക്സ്റ്റൻഷൻ സെന്ററായി, നെയ്യാറ്റിൻകര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം പ്രവർത്തിക്കുന്ന കരിയർ ഗൈഡൻസ് സെന്റർ (സി.ഡി.സി) 2018 മെയ് മാസം 23 ന് പ്രവർത്തനം ആരംഭിച്ചത് മുതൽ നാളിതുവരെ (31.07.2021) 13,136 ഉദ്യോഗാർത്ഥികൾക്ക് വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | ഇപ്രകാരം എത്ര ഉദ്യോഗാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസ,തൊഴിൽ അവസരങ്ങൾ ഏതെല്ലാം സ്ഥാപനങ്ങളിൽ ലഭിച്ചിട്ടുണ്ടെന്ന് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; | (ബി) | വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വച്ച് നടത്തിയ വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ് ക്ലാസ്സുകളിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് നിരവധി സ്ഥാപനങ്ങളിൽ ഉന്നത വിദ്യാഭ്യാസ അവസരങ്ങൾക്ക് അർഹരായിട്ടുണ്ട്. സി.ഡി.സി-യിൽ രജിസ്റ്റർ ചെയ്ത 193 ഉദ്യോഗാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ തൊഴിലവസരങ്ങൾ ലഭിച്ചിട്ടുണ്ട്. അഗ്രിക്കൾച്ചർ കോളേജ് (വെള്ളായണി), ഈസ്റ്റ് പോയിന്റ് കോളേജ് (ബാംഗ്ലൂർ), രാജഗിരി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, (എറണാകുളം), ഗവൺമെന്റ് ലോ കോളേജ് (തിരുവനന്തപുരം), ശ്രീ.ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, (പാപ്പനംകോട്), എൻ.എസ്.എസ് ലോ കോളേജ് (കൊട്ടിയം, കൊല്ലം), മാർ ഇവാനിയസ് കോളേജ് (തിരുവനന്തപുരം), മാർ ബസേലിയസ് കോളേജ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി (തിരുവനന്തപുരം), എൽ.ബി.എസ് കോളേജ് ഫോർ വുമൺ (പൂജപ്പുര) എന്നീ വിദ്യഭ്യാസ സ്ഥാപനങ്ങളിലായി 47 ഉദ്യോഗാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് അവസരം ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | മികച്ച നിലവാരത്തിലുള്ള കരിയർ ഗൈഡൻസ് നൽകുന്നതിന് യോഗ്യരായ ജീവനക്കാരെ പ്രസ്തുത സ്ഥാപനത്തിൽ നിയമിച്ചിട്ടുണ്ടോ; പ്രസ്തുത ജീവനക്കാരുടെ യോഗ്യതകൾ എന്തെല്ലാമാണ്; | (സി) | മികച്ച നിലവാരത്തിലുള്ള കരിയർ ഗൈഡൻസ് നൽകുന്നതിന് യോഗ്യരായ ജീവനക്കാരെ നെയ്യാറ്റിൻകര സി.ഡി.സി-യിൽ നിയമിച്ചിട്ടുണ്ട്. നെയ്യാറ്റിൻകര കരിയർ ഡെവലപ്പ്മെന്റ് സെന്ററിൽ അസിസ്റ്റന്റ് സെന്റർ മാനേജർ കം കരിയർ കൗൺസിലറെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതു വരെയുള്ള കാലയളവിലേക്ക് ആവശ്യം വേണ്ടുന്ന സന്ദർഭങ്ങളിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന മോഡൽ കരിയർ സെന്ററിൽ കരിയർ കൗൺസിലറായി സേവനം ചെയ്തു വരുന്ന, മനഃശാസ്ത്ര വിഷയത്തിൽ ബിരുദാനന്തര ബിരുദവും പ്രവൃത്തി പരിചയവുമുള്ള കൗൺസിലറിന്റെ സേവനം നെയ്യാറ്റിൻകര സി.ഡി.സി-യിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കമ്പ്യൂട്ടർ സയൻസിൽ ബി.ടെക് യോഗ്യതയുള്ള ഐ.ടി ഓഫീസർ കം കരിയർ ഗൈഡൻസ് അസിസ്റ്റന്റിനെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |
| (ഡി) | കരിയർ ഗൈഡൻസ് നൽകുന്നതിന് യോഗ്യതയില്ലാത്ത ഉദ്യോഗസ്ഥർ വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ് ക്ലാസ്സുകൾ എടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല. ഗസ്റ്റ് ഫാക്കൽറ്റികളുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനു പുറമേ വകുപ്പിലെ തന്നെ ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ താൽപര്യവും, കഴിവും, വകുപ്പിലെ പരിശീലനം ലഭിച്ചിട്ടുള്ളവരുമായ ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു. |
| (ഇ) | സി.ഡി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും എല്ലാ വിഭാഗം ഉദ്യോഗാർത്ഥികൾക്കും കരിയർ ഗൈഡൻസ് ലഭിക്കുന്നതിനും നടപടി സ്വീകരിക്കാമോ? | (ഇ) | നിലവിൽ മെച്ചപ്പെട്ട പ്രവർത്തനം നടത്തി വരുന്നു. തുടർന്ന് എല്ലാ വിഭാഗം ഉദ്യോഗാർത്ഥികൾക്കും കരിയർ ഗൈഡൻസ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

| ക്രമ നമ്പർ | ഇനം | പങ്കെടുത്തവരുടെ എണ്ണം | | | ആകെ |
|---|---|---|---|---|---|
| | | 2018-19 | 2019-20 | 2020-21 | |
| 1. | വ്യക്തിഗത മാർഗ്ഗ നിർദ്ദേശം | 172 | 477 | 271 | 920 |
| 2. | കരിയർ ഗൈഡൻസ് പ്രഭാഷണം | 858 | 1388 | 2046 | 4292 |
| 3. | വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സെമിനാറുകൾ | 2746 | 3356 | 1131 | 7233 |
| 4. | ഭിന്നശേഷിക്കാർ/ എസ്.സി/ എസ്.റ്റി/ വനിതകൾ എന്നീ വിഭാഗങ്ങൾക്കു വേണ്ടിയുള്ള കരിയർ ഗൈഡൻസ് ക്ലാസ്സുകൾ | 194 | 206 | 167 | 567 |
| 5. | സൗജന്യ മത്സര പരീക്ഷ പരിശീലന പരിപാടി | 30 | 29 | 65 | 124 |
| | **ആകെ** | **4000** | **5456** | **3680** | **13136** |

അനുബന്ധം II

## ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരങ്ങൾ ലഭിച്ച സ്ഥാപനങ്ങൾ

| Sl. No | Date | Name of Employer | Name of Posts | No. of Jobseekers participated | No. of candidates Selected |
|---|---|---|---|---|---|
| 1 | 25.01.2019 | Jio (Reliance Jio info communication Ltd.) | Assistant Manager | 45 | 10 |
| 2 | 01.03.2019 | Samasta Micro Financing Ltd. | Branch Manager, Branch Credit Manager, CRO | 69 | 29 |
| 3 | 10.4.2019 | Tally Software Solution | Business Development Executive/ Service Executives | 39 | 13 |
| 4 | 18.5.2019 | HDFC Life | Manager/Manager Trainee | 30 | 13 |
| 5 | 26.7.2019 | IDBI Federal | Manager/ Tele caller/Distributor | 82 | 17 |
| 6 | 20.9.2019 | EDMAX Learning APP | Area Manager/ Territory Manager/ Education Consultant | 51 | 13 |
| 7 | 18.12.2019 | Axis Bank Ltd. | Business Development Executive/ Officer/ Assistant Manager | 83 | 22 |
| 8 | 29.01.2021 | GVK EMRI (Emergency Management & Research Institute) | Staff Nurse, Mechanical Engineer | 127 | 29 |
| **Total** | | | | **526** | **146** |